പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3745 24.06.2014-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിൽ ഒരിക്കൽ രേഖപ്പെടുത്തുന്ന തരത്തിലെ ന്യൂനതകൾ ആവർത്തിക്കപ്പെടുന്നതുമൂലം തുടർന്നുള്ള വർഷങ്ങളിലും രേഖപ്പെടുത്തേണ്ടിവരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽവന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ശാസ്ത്രീനഗർ റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നമ്പർ റ്റി.389) പോലുള്ള പ്രൈമറി സൊസൈറ്റികളുടെ ആഡിറ്റ് റിപ്പോർട്ടിൽ, ജീവനക്കാരുടെ നിയമനം സംബന്ധിച്ച കാര്യങ്ങളിലും, മറ്റ് ഭരണപരമായ കാര്യങ്ങളിലും സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായ തീരുമാനങ്ങളുണ്ടാകുന്നതായി തുടർച്ചയായ പരാമർശങ്ങളുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശാസ്ത്രി നഗർ റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘത്തിലെ 2006-07-ലെ ആഡിറ്റ് റിപ്പോർട്ടിൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് പരാമർശിച്ച കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2006-07-നു ശേഷമുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുടർച്ചയായ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കാണാൻ കഴിയുന്നില്ല. |

(സി) ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്വം ആഡിറ്റ് വിഭാഗത്തിനോ, കാര്യക്ഷമമായ മറ്റുവിഭാഗത്തിനോ നല്കുന്ന കാര്യം പരിഗണിക്കുമോ; അതിനായി ആവശ്യമെങ്കിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുമോ?

(സി) സഹകരണ സംഘങ്ങളുടെ ആഡിറ്റിൽ കണ്ടെത്തുന്ന ന്യൂനതകൾ സംഘം പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം നിലവിൽ അതാതു സഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണമുള്ള ബന്ധപ്പെട്ട വകുപ്പുകൾക്കാണ്. ഇക്കാര്യത്തിൽ മാറ്റം വരുത്തേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ